**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3436** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര സർക്കാർ സ്കൂളുകളാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത 5 സർക്കാർ സ്കൂളുകളാണുള്ളത്. പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1)ജി.എൽ.പി.എസ് ബാലുശ്ശേരി<br><br>2)ജി.എൽ.പി.എസ് മണ്ണപ്പൊയിൽ<br><br>3)ജി.എൽ.പി.എസ് പള്ളിയോത്ത്<br><br>4)ജി.എൽ.പി.എസ് ഉള്ളിയേരി<br><br>5)ജി.എം.എൽ.പി.എസ് ഉണ്ണിക്കുളം |
| (ബി) | സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി എന്നിവരുൾപ്പടെയുള്ളവരുടെ സഹകരണത്തോടെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദമാക്കാമോ? | (ബി) | സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജി.എൽ.പി.എസ്. ബാലുശ്ശേരി, ജി.എൽ.പി.എസ്. മണ്ണപ്പൊയിൽ, ജി.എം.എൽ.പി.എസ് ഉണ്ണിക്കുളം എന്നീ സ്കൂളുകളുടെ പ്രൊപ്പോസലുകളിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി എന്നിവരുൾപ്പടെയുള്ളവരുടെ സഹകരണത്തോടെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ